# Home Missionary Council

**Bethel Bible College, Punalur - 691305**

Affiliated to the Senate of Serampore College (University)

**News Bulletin January 2026**

**for private circulation only**


ബഥേൽ ബൈബിൾ കോളേജിന്റെ സുവിശേഷീകരണ വിഭാഗമായ ഹോം മിഷനറി കൗൺസിലിന്റെ ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ വിജയകരമായി നടക്കുന്നു. ബഥേൽ സ്ഥാപിതമായത് മുതൽക്കേ സുവിശേഷീകരണത്തിനും സഭാ സ്ഥാപനത്തിലുമാണ് പ്രധാനമായും ശ്രദ്ധ പുലർത്തിയിരുന്നത്. 1954ൽ എച്ച്എംസി ഒരു ക്രമീകൃത വിഭാഗമായി. ആൻഡമാൻ ദ്വീപ് സമൂഹങ്ങൾ ഉൾപ്പെടെ ഭാരതത്തിലും സമീപരാജ്യമായ നേപ്പാളിലും എച്ച്എംസിയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ആയിട്ടുണ്ട്.

വാരാന്ത്യ പ്രവർത്തനങ്ങളും അവധിക്കാല പ്രവർത്തനങ്ങളും നടത്തി ഭാവി സുവിശേഷകർക്ക് ആവശ്യമായ പരിശീലനം നൽകുന്ന തോടൊപ്പം സുവിശേഷീകരണവും സഭാ സ്ഥാപനവും നടത്തു ന്നതിൽ ഊന്നൽ നൽകുന്നു. വാരാന്ത്യ പ്രവർത്തനങ്ങളിൽ പരസ്യയോഗം, ഭവനസന്ദർശനം, തമിഴ്,ഹിന്ദി എന്നീ ഭാഷക്കാരുടെ ഇടയിലെ പ്രവർത്തനം പ്രാർത്ഥനായാത്ര,പ്ലക്കാർഡ് സുവിശേഷീകരണം, സുവിശേഷ പ്രതി വിതരണം,മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെയുള്ള തെരുവ് നാടകം,സൺഡേ സ്കൂൾ, സഭാശുശ്രൂഷയിൽ സഹായിക്കുന്നത് തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ബിബിസിക്ക് സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ലഭിച്ചതോടെ എച്ച്എംസി കുറച്ചുകൂടി ക്രമീകൃതമായി നടത്തിവരുന്നു യൂണിവേഴ്സിറ്റി നിയമപ്രകാരം പ്രായോഗിക പരിശീലനം നിർബന്ധവും വർഷംതോറും നാലു അക്കാദമിക്ക് ക്രെഡിറ്റും ഉള്ളതാണ്. വിദ്യാർത്ഥികൾ പരിശീലനം കഴിയുന്ന മുറയ്ക്ക് സ്വയം സമർപ്പിക്കുന്ന വിലയിരുത്തൽ ഫാറം, അവർ പ്രവർത്തിച്ച സ്ഥലത്ത് മേൽനോട്ടം വഹിച്ചവർ രഹസ്യ സ്വഭാവത്തോട് നൽകുന്ന റിപ്പോർട്ട് കൂടാതെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഒരു വർഷത്തെ വാരാന്ത്യ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് അക്കാദമിക്ക് ക്രെഡിറ്റ് നിർണയിച്ച് യൂണിവേഴ്സിറ്റിക്ക് അയക്കുന്നത്.

ഒന്നാം വർഷക്കാർക്ക് ഭിന്നശേഷിക്കാർ,ഉപേക്ഷിക്കപ്പെട്ട വയോജനങ്ങൾ, അനാഥർ തുടങ്ങിയവരെ പരിചരിക്കുന്ന സാന്ത്വന പരിചരണ കേന്ദ്രങ്ങളിൽ പരിശീലനം കൊടുക്കും. സമൂഹത്തെ ക്രിസ്തുവിന്റെ മനസ്സോടെ കാണുവാനും സഹതാപവും സഹാനുഭൂതിയും വിദ്യാർത്ഥി / വിദ്യാർഥിനികളിൽ ഉളവാക്കുവാനും ആണ് ഈ സ്ഥാപനങ്ങളിലേക്ക് അയക്കുന്നത്.രണ്ടാം വർഷക്കാർ ഉത്തരേന്ത്യയിലെ ഗ്രാമങ്ങളിലാണ് പ്രവർത്തിക്കുക. ഉത്തരവാദിത്തപ്പെട്ടവരുടെ മേൽനോട്ടത്തിൽ വിവിധ ഭാഷക്കാർ, ഗോത്രക്കാർ,

ചെക്ക് അയക്കുന്നവർ **Bethel Bible College(HMC)**എന്ന പേരിൽ എഴുതി അയച്ചാലും. പണം ട്രാൻസ്ഫർ ചെയ്യുന്നവർ **Bank Account Number** ശ്രദ്ധിക്കുക.

**FEDERAL BANK**

**Federal Bank Punalur**
**10280100088166**
**IFSC Code FDRL 0001028**

bethelbible2023@fbl

**Q.R.കോഡ് സ്കാൻ ചെയ്തും പണം അയ്ക്കാവുന്നതാണ്. പണം നല്കിയശേഷം വിവരം ഫോണിലൂടെ അറിയിച്ച് രസീത് ഉറപ്പാക്കിയാലും**




**Pr. Finny George**
Director
9447 858854





**Pr. A. Jose**
Secretary
9496 210502





**Dr. Sam Varghese**
Treasurer
9746 139525

ചേരി നിവാസികൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെയാണ് ലക്ഷ്യം ഇടുന്നത്.അവിടെ തിളക്കമാർന്ന സഭാ ശുശ്രൂഷകൾ ചെയ്യുന്നവരാണ് മേൽനോട്ടം എന്നതിനാൽ ഉത്തരേന്ത്യൻ ശുശ്രൂഷയ്ക്ക് പ്രചോദനം ഉണ്ടാക്കുവാൻ അത് സഹായിക്കുന്നു. മൂന്നും നാലും വർഷക്കാർ പ്രസ്ബിറ്റർമാർ,സീനിയർ ശുശ്രൂഷകന്മാർ എന്നിവരുടെ കീഴിൽ സുവിശേഷീകരണവും സഭാ ശുശ്രൂഷ പരിശീലവും നടത്തുന്നു. ബിരുദ ദാനച്ചടങ്ങിന് ശേഷം സഭാ സ്ഥാപനത്തിന് താല്പര്യമുള്ള എല്ലാ ബിരുദ ധാരികൾക്കും അതിനാവശ്യമായ കൈത്താങ്ങൽ നൽകും.വാടക, പ്രതിമാസ സഹായം തുടങ്ങിയവ അടുത്ത 12 മാസത്തേക്ക് നൽകും. തുടർന്ന് അവ അതാത് സെക്ഷൻ/ ഡിസ്ട്രിക്റ്റുകൾക്ക് കൈമാറും.

മേൽപ്പറഞ്ഞ രീതികൾ അനുസരിച്ച് 2025 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 12 വരെ വിദ്യാർഥി വിദ്യാർഥിനികൾ രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിൽ പോയി. ഗിൽഗാൽ ആശ്വാസ ഭവൻ തിരുവല്ല, ദീപ്തി റിഹാബിലിറ്റേഷൻ സെൻറർ അടൂർ, ശാലേം ചിൽഡ്രൻസ് ഹോം കൊട്ടാരക്കര, ആശ്രയ സങ്കേതം കലയപുരം, സൗഹൃദ വിദ്യാലയം തിരുവനന്തപുരം എന്നീ സാന്ത്വന പരിചരണ കേന്ദ്രങ്ങളിലാണ് ഒന്നാംവർഷക്കാർ പോയത് ബീഹാറിൽ സീതാമടി, ഒറീസയിൽ റായാഗഡ എറണാകുളം ജില്ലയിൽ കാക്കനാട് എന്നിവിടങ്ങളിൽ രണ്ടാംവർഷക്കാർ പ്രവർത്തിച്ചു. കാക്കനാട് പ്രവർത്തനം ഹിന്ദിത്തൊഴിലാളികളുടെ ഇടയിലായിരുന്നു. ഇലഞ്ഞിക്കോട് (കുണ്ടറ), വിഴവൂർ (തിരുവനന്തപുരം), നെടുങ്കണ്ടം, ആലുവ, ആറ്റിങ്ങൽ എന്നീ സെക്ഷനുകളിലെ വിവിധ സ്ഥലങ്ങൾ എന്നിവിടങ്ങളിലായി മൂന്നാം വർഷ വിദ്യാർത്ഥികൾ/വിദ്യാർത്ഥിനികൾ സുവിശേഷീകരണം നടത്തി. കഴിഞ്ഞ വർഷം മുരുക്കുംപുഴയിൽ (ആറ്റിങ്ങൽ സെക്ഷൻ) ആരംഭിച്ച സഭാ സ്ഥാപന പ്രവർത്തനങ്ങൾ മുന്നേറുന്നു. **ഈ വർഷം ഉത്തരമേഖലയിൽ പുറപ്പുഴ (ഇടുക്കി ജില്ല) എന്ന സ്ഥലത്ത് ഒരു പുതിയ പ്രവർത്തനം തുടങ്ങും. സുവി: അനൂപ് എബ്രഹാമും കുടുംബവും അവിടെ പ്രവർത്തിക്കും.**

ഭാരതത്തിൽ സുവിശേഷീകരണത്തിന് വൻതോതിൽ എതിർപ്പുള്ള ഇക്കാലത്ത് ടീമുകളുടെ പ്രവർത്തനങ്ങളിൽ സർവ്വശക്തന്റെ പ്രത്യേക കരുതൽ അനുഭവിക്കാനായി. പ്രാർത്ഥിച്ചും സാമ്പത്തിക സഹകരണം നൽകിയും ഈ പ്രവർത്തനങ്ങളെ തുണച്ച ഏവർക്കും നന്ദി. കോളേജ് പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപകർ, ചെയർമാൻ, ബോർഡ് അംഗങ്ങൾ പ്രസ്ബിറ്ററി, പ്രാദേശിക സഭകൾ, ശുശ്രൂഷകന്മാർ ഏവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## HOME MISSIONARY COUNCIL
## Activities
















